**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432** **02-02-2023 - ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. അൻവർ സാദത്ത് , ശ്രീ. ഷാഫി പറമ്പിൽ , ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാലഹരണപ്പെട്ട നികുതി സമ്പ്രദായത്തിലുൾപ്പെടെയുള്ള നികുതി കുടിശികകൾ പിരിച്ചെടുക്കാൻ നടപ്പിലാക്കിയ ആംനസ്റ്റി സ്കീമിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | ജി.എസ്.ടി.-ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി. യിലേക്ക് നൽകുന്നതിന്റെ ഭാഗമായി ആംനസ്റ്റി പദ്ധതി (ഒറ്റത്തവണ തീർപ്പാക്കൽ) പ്രകാരം നികുതി ഒടുക്കാനുള്ള അവസരം 2022-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും, ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. ധാരാളം വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കുകയും ഇതുപ്രകാരം അവരുടെ നികുതി കുടിശ്ശിക തീർപ്പാക്കുകയും ചെയ്തു.<br><br>പൊതു വില്പന നികുതി നിയമം, മൂല്യവർദ്ധിത നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം, സർചാർജ് നിയമം, ആഡംബര നികുതി നിയമം, കാർഷികാദായ നികുതി നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമാണ്. ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ആംനസ്റ്റി പദ്ധതിയിൽ മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70% ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് അടയ്ക്കേണ്ടത്. ഈ ആംനെസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഓഗസ്റ്റ് 31-വരെയും, കുടിശ്ശിക |

| | | | |
|---|---|---|---|
| | | | അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-വരെയും ആയിരുന്നു. ഓരോ വർഷവും ആംനസ്റ്റി പദ്ധതിയിൽ ഓപ്റ്റ് ചെയ്ത തുകയും പിരിച്ചെടുത്ത തുകയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മുൻ വർഷങ്ങളിലെ ആംനസ്റ്റി സ്കീം പരാജയപ്പെടാനുണ്ടായ കാരണം നികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | ആംനസ്റ്റി സ്കീം പരാജയപ്പെട്ടതായി കണക്കാക്കുന്നില്ല. മുൻ വർഷങ്ങളിലെ ആംനസ്റ്റി സ്കീമുകൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടായിരുന്നില്ല. കോവിഡ് മഹാമാരിയും, വലിയ കുടിശ്ശിക കേസുകളിൽ അപ്പീലുകൾ ഫയൽ ചെയ്യപ്പെട്ടതും ഇതിനു കാരണമായി. ധാരാളം വ്യാപാരികൾ ആംനസ്റ്റി ഓപ്റ്റ് ചെയ്യുകയും കുടിശ്ശിക തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ചെറിയ നികുതി കുടിശ്ശിക തുകകൾ വലിയ അളവിൽ തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലും (2022-23) ആംനസ്റ്റി പദ്ധതി തുടരുന്നുണ്ടായിരുന്നു. |
| (സി) | അപ്പീലുകൾക്കും വ്യവഹാരങ്ങൾക്കും പുറത്ത് ഒരു ഫാസ്റ്റ് ട്രാക്ക്ടീമിനെ നിയോഗിച്ച് പ്രസ്തുത നികുതി നിർണ്ണയം പുനപരിശോധിച്ച് ഒരു അദാലത്തിലൂടെ പുനർനിർണ്ണയം നടത്തണം എന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | ഇങ്ങനെയുള്ള ആവശ്യം ചില മേഖലകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. മുൻ നിയമങ്ങളിലെ കുടിശ്ശികകൾ പൂർണ്ണമായും നിവാരണം ചെയ്യുന്നതിനും ഉദ്യോഗസ്ഥർക്ക് പൂർണ്ണമായും ചരക്കുസേവന നികുതി നിയമപ്രകാരമുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ആയാണ് കൂടുതൽ ഇളവുകളോടെ ആംനസ്റ്റി പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. മുൻപ് നടത്തിയ നികുതി നിർണ്ണയങ്ങളിൽ തർക്കങ്ങളുള്ള പക്ഷം പരിശോധിക്കുവാൻ അപ്പീൽ സംവിധാനം വകുപ്പിൽ നിലവിലുണ്ട്. കേരളമൊട്ടാകെ മുൻപ് നടത്തിയ നികുതി നിർണ്ണയങ്ങൾ പുനർനിർണ്ണയം നടത്തുവാൻ അധികം മനുഷ്യാധ്വാനവും സമയവും ആവശ്യമുണ്ട്. ഇത് ജി.എസ്.ടി-യിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് തടസ്സമാകും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | ആംനസ്റ്റി പദ്ധതിയിൽ ഓപ്റ്റ് ചെയ്ത തുക (കോടിയിൽ) | ആംനസ്റ്റി പദ്ധതിയിൽ പിരിച്ചെടുത്ത തുക (കോടിയിൽ) |
|---|---:|---:|
| 2019-20 | 1126.27 | 164.14 |
| 2020-21 | 2167.32 | 270.37 |
| 2021-22 | 1647.59 | 137.52 |
| 2022-23 (Upto 31-12-2022) | 534.81 | 66.9 |

**സെക്ഷൻ ഓഫീസർ**